# പതിനാലാം കേരള നിയമസഭ
# (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4977 27/10/2016-ൽ മറുപടിയ്ക്ക്**

## ഗുണമേന്മയും വൃത്തിയുമുള്ള ഉണക്ക മത്സ്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മത്സ്യഫെഡ് മുഖാന്തിരം ഗുണമേന്മയും വൃത്തിയുമുള്ള ഉണക്ക മത്സ്യം പ്രത്യേക ബ്രാൻഡ് മുഖേന കൂടുതൽ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | എ) നിലവിൽ ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള Society for Assistance to Fisherwomen (SAF), തീരദേശ വികസന കോർപ്പറേഷൻ, മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം എന്നിവിടങ്ങളിൽ നിന്നും വനിതാ ആക്ടിവിറ്റി ഗ്രൂപ്പുകൾ മുഖേന ഉണക്കിയ ഗുണമേന്മയും വൃത്തിയുമുള്ള ചെമ്മീൻ, നെത്തോലി എന്നിവ ശേഖരിച്ച് ബ്രാന്റ് ചെയ്ത് പരീക്ഷണാടിസ്ഥാനത്തിൽ മത്സ്യഫെഡ് ഫിഷ് മാർട്ടുകൾ വഴി വിപണനം ചെയ്യുന്നുണ്ട്. കൂടാതെ, കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ 'ഡ്രിഷ്' എന്ന ബ്രാന്റിൽ ഗുണമേന്മയുള്ള ഉണക്ക മത്സ്യം ഓൺലൈനായി ഓർഡർ സ്വീകരിച്ച് ഉപഭോക്താക്കളുടെ വീട്ടിൽ എത്തിച്ചുകൊടുക്കുന്ന തിനുള്ള പദ്ധതിയും നടപ്പാക്കി തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ